# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.156/PR/PIC/PHQ/18 Date : 22.06.2018

---

## സൈബർ കുറ്റകൃത്യങ്ങൾ തടയാൻ കേന്ദ്രീകൃത ഓൺലൈൻ പോർട്ടൽ സംവിധാനം

കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ ഇന്റർനെറ്റുവഴിയും മറ്റും പ്രചരിപ്പിക്കുന്നതിനെതിരെയുള്ള പരാതികൾ കൈകാര്യം ചെയ്യുന്നതിന് നോഡൽ സൈബർസെൽ രൂപവൽക്കരിച്ച് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ ഉത്തരവായി. ഇതു സംബന്ധിച്ച് സുപ്രീം കോടതി പുറപ്പെടുവിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത സെൽ രൂപവൽകരിച്ചത്. സ്റ്റേറ്റ് ക്രൈം റെക്കോഡ്സ് ബ്യൂറോ എ.ഡി.ജി.പി. സെല്ലിന്റെ നോഡൽ ഓഫീസറായിരിക്കും. എസ്.സി.ആർ.ബി. എസ്.പി. (ഐ.സി.ടി.), തിരുവനന്തപുരം സിറ്റി ഡി.സി.ആർ.ബി. അസിസ്റ്റന്റ് കമ്മീഷണർ എന്നിവരെ നോഡൽ ഓഫീസറെ സഹായിക്കാനും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പരാതികൾ കൈകാര്യം ചെയ്യുന്നതിന് www.cyberpolice.gov.in എന്ന കേന്ദ്രീകൃത ഓൺലൈൻ പോർട്ടൽ കേന്ദ്ര ആഭ്യന്തരമന്ത്രാലയം ആരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം ഈ പരാതികൾ കൈകാര്യം ചെയ്യാൻ 155260 എന്ന ഹെൽപ്പ്ലൈൻ നമ്പരും വൈകാതെ പ്രവർത്തനക്ഷമമാകും. ഐ.ടി. ആക്ടിലെ സെക്ഷൻ 79 3(b) അനുസരിച്ച് കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ ഉൾപ്പെടെയുള്ള ഉള്ളടക്കം ബ്ലോക്ക് ചെയ്യുന്നതിനുള്ള നടപടികളും നോഡൽ സെൽ സ്വീകരിക്കും.

**********